# വെൽത്ത് മാനേജ്മെന്റ് കമ്പനിക്ക് തുടക്കമിട്ട് ശ്രീറാം ഗ്രൂപ്പ്

**പത്ത് മുൻനിര നഗരങ്ങളിലായാണ് തുടക്കം. അടുത്തവർഷമിത് 20 ഇടങ്ങളിലേക്ക് വ്യാപിപ്പിക്കും**

**മുംബൈ** ▸ ദക്ഷിണാഫ്രിക്കൻ സാമ്പത്തികസേവന കമ്പനിയായ സൻലാം ഗ്രൂപ്പുമായി ചേർന്ന് വെൽത്ത് മാനേജ്മെന്റ് കമ്പനിക്ക് തുടക്കമിട്ട് ശ്രീറാം ഗ്രൂപ്പ്.

വലിയ വ്യക്തിഗതനിക്ഷേപകർക്ക് സാമ്പത്തികസേവനങ്ങൾ ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് ഇരുഗ്രൂപ്പും തുല്യപങ്കാളിത്തത്തോടെ ശ്രീറാം വെൽത്ത് എന്ന പുതിയ കമ്പനിക്ക് രൂപം നൽകിയിരിക്കുന്നതെന്ന് സിഇഒയും മാനേജിങ് ഡയറക്ടറുമായ വികാസ് സതീജ പറഞ്ഞു.

വെൽത്ത് മാനേജ്മെന്റ്, വായ്പ ലഭ്യമാക്കൽ, സുരക്ഷാസേവനങ്ങൾ, ആഗോളനിക്ഷേപത്തിന് അവസരമൊരുക്കൽ തുടങ്ങി വിവിധ സേവനങ്ങളാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്.

സൻലാം ഗ്രൂപ്പുമായുള്ള സഹകരണത്തിലൂടെ നിർമിതബുദ്ധി അധിഷ്ഠിത സേവനങ്ങളാണ് കമ്പനി വാഗ്ദാനംചെയ്യുന്നതെന്ന് ശ്രീറാം കാപിറ്റൽ എംഡിയും സിഇഒയുമായ ശുഭശ്രീ ശ്രീറാം പറഞ്ഞു.

പത്ത് മുൻനിര നഗരങ്ങളിലായാണ് തുടക്കം. അടുത്തവർഷമിത് 20 ഇടങ്ങളിലേക്ക് വ്യാപിപ്പിക്കും.

ടിയർ 2, 3 നഗരങ്ങളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയെന്നും അവർ കൂട്ടിച്ചേർത്തു.

അഞ്ചുവർഷംകൊണ്ട് കമ്പനിയുടെ ആസ്തി 50,000 കോടിയിലെത്തിക്കുകയാണ് ലക്ഷ്യമിടുന്നതെന്നും അവർ പറഞ്ഞു.